4. മഴക്കാല ആരംഭത്തിൽ കോളറ, എലിപ്പനി തുടങ്ങിയവ നേരത്തെ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ ക്ലോറിനേഷൻ നടത്തുകയും ഡങ്കിപ്പനിപോലുള്ള കൊതുകുജന്യ രോഗങ്ങൾ തടയുന്നതിനായി ഫോഗിംഗ്, സ്പ്രേയിംഗ്, ജൈവിക നിയന്ത്രണം, ഉറവിട നശീകരണം തുടങ്ങിയവയും നടത്തിവരുന്നു. ജില്ലാ എൻഡമോളജി ടീം കൊതുകു സർവേ നടത്തി ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തിവരുകയും ചെയ്യുന്നു. നോട്ടീസുകൾ, പോസ്റ്ററുകൾ തുടങ്ങിയവ വിതരണം ചെയ്യുകയും പത്രമാധ്യമങ്ങളിലൂടെ ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളിലൂടെയും പകർച്ചവ്യാധികൾക്കെതിരായ ബോധവൽക്കരണം നടത്തിവരുന്നു.

(ബി ആന്റ് സി) ഉണ്ട്. പകർച്ചവ്യാധി നിയന്ത്രണത്തിനുള്ള എല്ലാ കർശന നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

കൊതുക് നിവാരണം

132 [135] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന കൊതുക് ശല്യം നിയന്ത്രിക്കാൻ ആരോഗ്യ വകുപ്പ് എന്തെല്ലാം പ്രതിരോധ നടപടികളാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നുവരുന്നു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സാമൂഹ്യ സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ കൊതുകുകളെ നശിപ്പിക്കുന്നതിനായി ഫോഗിംഗ്, കീടനാശിനി തളിക്കൽ, കൂത്താടിനാശിനി തളിക്കൽ കൂത്താടി വളരുന്ന സ്രോതസ്സ് നശിപ്പിക്കൽ, കൊതുകുകളെ തിന്നു നശിപ്പിക്കുന്ന മത്സ്യക്കുഞ്ഞുങ്ങളെ വളർത്തി വിതരണം ചെയ്യൽ, കൊതുകുകടി ഒഴിവാക്കുവാനും അവയെ നശിപ്പിക്കുന്നതിനുമായി കീടനാശിനി തളിക്കൽ, കൊതുകുവല ഉപയോഗത്തെക്കുറിച്ച് ആരോഗ്യബോധന ക്ലാസ്സുകൾ തുടങ്ങിയ പ്രവർത്തനങ്ങളാണ് ചെയ്തുവരുന്നത്.

(ബി) ദേശീയ കൊതുകുജന്യരോഗ നിയന്ത്രണ പരിപാടിയോടനുബന്ധിച്ച് കൊതുകുശല്യം നിയന്ത്രിക്കുന്നതിലേക്കായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:

1. രോഗബാധിത പ്രദേശങ്ങളിലും കൊതുകുശല്യം കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങളിലും കൊതുകുകളെ നശിപ്പിക്കുന്നതിനായി ഫോഗിംഗ് നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. ഡിഡിറ്റി, സിന്തറ്റിക് പൈറത്രോയ്ഡ് തുടങ്ങിയ കീടനാശിനികൾ തളിക്കുന്നുണ്ട്.

3. കൊതുകിന്റെ കൂത്താടികളെ നശിപ്പിക്കുന്നതിനായി ഓടകളിലും ജല ശേഖരങ്ങളിലും ബേയ്ടെക്സ്, അബേറ്റ് തുടങ്ങിയ കൂത്താടി നാശിനികൾ തളിച്ചുവരുന്നു.

4. കൊതുകിന്റെ കൂത്താടികൾ വളരുന്ന സ്രോതസ്സുകൾ കണ്ടുപിടിച്ച് അവയെ നശിപ്പിക്കുകയോ കൂത്താടി വളരുവാനുള്ള സാഹചര്യം ഇല്ലാതാക്കുകയോ ചെയ്യുന്നു.

5. കൊതുകിന്റെ കൂത്താടികളെ ഭക്ഷിക്കുന്ന മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തുവരുന്നു.

6. കൊതുകു നിയന്ത്രണ പരിപാടികളിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

വൈറൽ പനി തുടങ്ങിയ പകർച്ചവ്യാധികൾ

133 [136] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി. എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് സംസ്ഥാനത്ത് ഉണ്ടാകുന്ന വൈറൽ പനി തുടങ്ങിയ പകർച്ചവ്യാധികൾ പടർന്നു പിടിക്കാതിരിക്കാൻ ഈ വർഷം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ എന്തെല്ലാമെന്നും വിശദമാക്കാമോ;

(ബി) പകർച്ചവ്യാധികൾ തടയുന്നതിനുള്ള ഔഷധങ്ങൾ മിക്ക ജില്ലാ/താലൂക്ക് സർക്കാർ ആശുപത്രികളിലും ലഭ്യമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതൊഴിവാക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വായുവിൽകൂടി പടരുന്ന വൈറൽ പനിക്ക് നിലവിൽ പ്രതിരോധ കുത്തിവയ്പ് ലഭ്യമല്ല. പനി കൂടുതലായി കണ്ടുവരുന്ന സ്ഥലങ്ങളിൽ ഫീവർ ക്ലിനിക്കുകളും ചികിത്സാ സൗകര്യങ്ങൾ കുറഞ്ഞ സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നു. പൊതുജനങ്ങൾ കൈക്കൊള്ളേണ്ട മുൻകരുതലുകളെപ്പറ്റി ശരിയായ അവബോധം ജനിപ്പിക്കാനുതകുന്ന ആരോഗ്യ ബോധവൽക്കരണ പരിപാടികളും ബിറ്റ്നോട്ടീസ് വിതരണവും ചെയ്തുവരുന്നു. കൂടാതെ റിലീഫ് ക്യാമ്പുകളിൽ മെഡിക്കൽ സംഘം സന്ദർശിച്ച് ആവശ്യമായ ചികിത്സയും ബോധവൽക്കരണ പരിപാടികളും ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly